"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2026 - വിവിധ വകുപ്പുകൾ അടിയന്തരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.407/2026/LSGD തീയതി, തിരുവനന്തപുരം, 17-02-2026

പരാമർശം:-
1. സ.ഉ.(സാധാ) നം.491/2025/തസ്വഭവ തീയതി 17/02/2025
2. സ.ഉ.(സാധാ) നം.624/2025/തസ്വഭവ തീയതി 06/03/2025
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24/01/2026, 05/02/2026 എന്നീ തീയതികളിലെ DCTVM/18783/2025-S9 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടർ നൽകുന്ന ശിപാർശ പ്രകാരം ഭരണാനുമതി നൽകി വരുന്നു. 2025-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് 2,68,67,421/- (രണ്ട് കോടി അറുപത്തിയെട്ട് ലക്ഷത്തി അറുപത്തിയേഴായിരത്തി നാന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) തുകയുടെ ഭരണാനുമതി പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം അനുവദിക്കുകയുണ്ടായി.

2) 2026-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,72,16,122/- (മൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി പതിനാറായിരത്തി ഒരുന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം സമർപ്പിക്കുകയും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പട്ടിക

പ്രകാരമുള്ള നിർവ്വഹണ ഏജൻസികൾക്ക് ആകെ 3,72,16,122/- (മൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക **"2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ചെലവുകൾ സംബന്ധിച്ച രേഖകൾ സഹിതം, തുക അനുവദിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | വകുപ്പ് | എസ്റ്റിമേറ്റ് തുക (₹) |
|---|---|---|
| 1. | കേരള വാട്ടർ അതോറിറ്റി (സീവേജ് ഡിവിഷൻ) | 1,78,89,122/- |
| 2. | വൻകിട ജലസേചന വകുപ്പ് | 4,00,000/- |
| 3. | കേരള വാട്ടർ അതോറിറ്റി (പി.എച്ച്. ഡിവിഷൻ സൗത്ത്) | 26,61,000/- |
| 4. | ചെറുകിട ജലസേചന വകുപ്പ് | 17,66,000/- |
| 5. | തിരുവനന്തപുരം നഗരസഭ | 1,45,00,000/- |
| **ആകെ** | | **3,72,16,122/-** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പ് / മേജർ ഇറിഗേഷൻ വകുപ്പ്

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

ധന (വികസന) വകുപ്പ് (3410226/DEV-3/39/2026-FIN Dated:16.02.2026)

റവന്യൂ (ദേവസ്വം) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഐ.എ.2/13/2026-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
Date: 17-02-2026 13:01:05

**പകർപ്പ്** :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്